# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/08/14

(25 SHAWWAL 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്,തഅവ്വദ്,സൂറ:അൽ ഫാതിഹ ഇവ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (റ) പറഞ്ഞു ഇന്ന് ഞാൻ തെരഞ്ഞടുത്തിരിക്കുന്ന വിഷയം ഒരിക്കലും അവസാനിക്കാത്ത ഒരു വിഷയത്തെ പ്പറ്റി വിശദീകരിക്കുവാനാണ്. സമുദ്രം മഷിയാവുകയും പ്രപഞ്ചത്തിലുള്ള വൃക്ഷങ്ങൾ പേനകളാവുകയും,ആകാശവും ഭൂമിയും പേപ്പറുകളാവുകയും ചെയ്താലും, ഇവകളെല്ലാം തീർന്നു പോവുകയും,എന്നാൽ സൂറ അൽഫാതിഹായുടെ വിശദീകരണം പൂർത്തികരിക്കുവാൻ കഴിയുകയില്ല എന്ന് എനിക്ക് നിസ്സംശയം പറയുവാൻ കഴിയും. ഒരു വിശ്വാസിയുടെ ജീവിതത്തിൽ, ഈ അധ്യായത്തിന്, വളരെ വലിയ പ്രാധാന്യമുണ്ട്. വിശുദ്ധ ഖുർആനിലെ പ്രഥമ അധ്യായവുമാണിത്. ഒരുവിശ്വാസി തന്റെ പ്രാർത്ഥന/നമസ്ക്കാരം ആരംഭിക്കുമ്പോൾ സൂറ:അൽ ഫാതിഹ ഓതി കൊണ്ടാണ് ആരംഭിക്കുന്നത്. അല്ലാഹുവിനോട് ദുആ ചെയ്യാനാരംഭിക്കുമ്പോൾ സൂറ:അൽ ഫാതിഹ ആദ്യം ഓതേണ്ടതുണ്ട്. ഒരു അധ്യായം എന്ന നിലയിലും ദുആ എന്ന നിലയിലും ഇതിന് അതിമഹത്തായ സ്ഥാനമുണ്ട്. ഒരു വ്യക്തി താൻ അഭിമുഖീകരിക്കുന്ന ഏതു സാഹചര്യത്തിലും, പ്രയാസഘട്ടത്തിലും, അസുഖാവസ്ഥയിലും, യാതനയുടെ അവസരങ്ങളിലും, അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളെ അവൻ നേരിടുമ്പോൾ, പ്രശ്നപരിഹാരത്തിന്നായി സൂറ:അൽഫാതിഹ ഓതേണ്ടതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് 22 ആഗസ്റ്റ് 2014, വളരെ പ്രധാനപ്പെട്ട ഈ അധ്യായത്തെ കുറിച്ച് വീണ്ടും അല്പം വിശദീകരിക്കാമെന്നു കരുതി- സൂറ:അൽ ഫാതിഹ.ഈ സൂറത്തിന്റെ വിശദീകരണത്തിന് ഒരവസാനവുമില്ല എന്നെനിക്കറിയാം. എന്റെ ആഗമനശേഷം നൂറ്റാണ്ടുകളിലൂടെ, ധാരാളം ദൈവ നിയുക്തരായ മുജദ്ദിദുമാർ, ഖലീഫത്തുല്ലാമാർ, മറ്റ് ദൈവീക മനുഷ്യർ, ഈ സൂറത്തിന്റെ വ്യാഖ്യാനങ്ങൾ നടത്തിക്കൊണ്ടിരിക്കും. അത്തരത്തിലുള്ള ഒരു സൂറത്താണ് ഈ സൂറ:അൽഫാതിഹ.

ഫാത്തിഹ എന്ന വാക്ക് ഫതഹ എന്ന ക്രിയയിൽ നിന്നുള്ളതാണ്.ഈ സന്ദർഭത്തിൽ ഇതിന്റെ അർത്ഥം തുറക്കുക എന്നാകുന്നു. അൽഫാതിഹ സൂറ: എന്നു പറയുമ്പോൾ തുറക്കുന്ന അധ്യായം -എന്നർത്ഥമായി. ഖുർആൻ ആരംഭിക്കുന്നു.കാരണം ഖുർ ആനിൽ ഈ സൂറ:ഒന്നാമതായി വരുന്നു. അതായത് ഖുർആൻ തുറക്കുമ്പോൾ, വളരെ പ്രധാനപ്പെട്ട ഒരു താക്കോൽ, ഖുർആൻ തുറക്കാനായി നിങ്ങൾക്ക് ആവശ്യമുണ്ട്. ഒരു താക്കോൽ എന്ന നിലയിൽ അതിന് വളരെ വലിയ പ്രാധാന്യമുണ്ട് കാരണം ഇത് നിങ്ങളുടെ ഹൃദയത്തെ നിങ്ങളുടെ സ്യഷ്ടാവിലേക്ക് തുറക്കുന്ന താക്കോൽ കൂടിയാണ്. നിങ്ങൾക്ക് അവനോട് എത്രത്തോളം സ്നേഹമുണ്ട് എന്ന് പരിശോധിക്കുന്നു:നിങ്ങളുടെ രാക്ഷിതാവിനെ അംഗീകരിക്കുവാൻ നിങ്ങളെ പ്രാപ്തമാക്കുന്നു:വിധിനാളിന്റെ ഉടമസ്ഥനെന്ന നിലയിൽ. നാം അവനെയാണ് ആരാധിക്കുന്നത്. അവനോട് മാത്രമാണ് നാം പാപമോചനത്തിന്നായി യാചിക്കുന്നത് .ഇതുമാത്രമല്ല സൂറ:അൽഫാതിഹായിലൂടെയാണ് നമ്മുടെ നമസ്ക്കാരം ആരംഭിക്കുവാൻ -തുറക്കുവാൻ -കഴിയുന്നത്. നമസ്ക്കാരത്തിൽ നാം ആദ്യമായി പാരായണം ചെയ്യുന്നതും സൂറ:അൽഫാതിഹ ആകുന്നു.

ഫാത്തിഹായ്ക്ക് രണ്ടു കയ്യും ഉയർത്തുക എന്നർത്ഥമില്ല. നമുക്കറിയാം നമ്മുടെ മുസ്ലിം സഹോദരന്മാർ അവരുടെ കൈകൾ ഉയർത്തുന്നത് നമുക്കറിയാം. എന്നിട്ട് അവർ ഫാതിഹ എന്നു പറയുന്നു. പ്രാർത്ഥനയിൽ നിങ്ങളുടെ കൈകൾ ഉയർത്തിക്കൊണ്ട് ചിലപ്പോൾ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ ആരംഭിക്കുക എന്ന സൂചനയായിരിക്കാം അവർ ഇതിലൂടെ നല്കുന്നത്, കാരണം ഇത് പ്രാർത്ഥനയുടെ താക്കോലാകുന്നു.

ഒരാളിന്റെ പ്രാർത്ഥന ആരംഭിക്കുന്നത് സൂറ:അൽ ഫാതിഹായിലൂടെയാണ്. എന്നാൽ പലപ്പോഴും, ഇത് ആളുകൾക്ക് മനസ്സിലായിട്ടുണ്ടാവില്ല. ഒരോരുത്തർക്കും അവരുടേതായ പ്രകടന രീതികളുണ്ട് .ഒരാൾ അത് പ്രകടിപ്പിക്കുമ്പോൾ,അതിന്റെ പിന്നിൽ ആഴത്തിലുള്ള അർത്ഥങ്ങളുണ്ടാകും.നമ്മുടെ മറ്റു മുസ്ലിം സഹോദരന്മാർ പറയുന്നത് നാം കേൾക്കാറുണ്ട്- അഹ്മദീ മുസ്ലിംകളല്ല- അവരുടെ കൈകൾ ഉയർത്തിക്കൊണ്ട് ഫാതിഹ എന്നു പറയാറുണ്ട്. നമുക്ക് ദുആ ചെയ്യാം എന്നർത്ഥം. ചിലർ ഇതിനെ പരിഹസിക്കാറുണ്ട്.

പരിഹസിക്കുന്നവർ പറയുന്നത്, ഫാതിഹ ഓതുക എന്നു പറയുന്നത്, കൈമടക്ക് വാങ്ങാനാണ് എന്ന്. ഇത് നമുക്ക് മാറ്റിനിർത്താം. ഒരാൾ ഫാത്തിഹ എന്നു പറഞ്ഞാൽ,അവിടെ സന്നിഹിതരായിരിക്കുന്ന ഓരോ വിശ്വാസിയും മനസ്സിലാക്കുന്നത് .നമ്മളെ സംബന്ധിച്ചടത്തോളം (അഹ്മദി മുസ്ലിംകൾ) നാം പറയുന്നത് ദുആ ചെയ്യാം എന്നാകുന്നു. ദുആ ചെയ്യാം എന്നു പറഞ്ഞാൽ അതെന്താണെന്ന് അറിയാത്ത ധാരാളം ആളുകളുണ്ട്. അവർ മനസ്സിലാക്കാട്ടെ. സൂറ:അൽഫാത്തിഹായിലൂടെയായിരിക്കണം ദുആ ആരംഭിക്കേണ്ടത്. മറ്റു വാക്കുകളിലൂടെ ആയിരിക്കരുത്. ആയതിനാൽ ഒരു വിശ്വാസി പ്രാർത്ഥനയ്ക്കായി കൈ ഉയർത്തുമ്പോൾ, അവന്റെ പ്രർത്ഥന ആരംഭിക്കേണ്ടത് സൂറ:അൽഫാത്തിഹായിലൂടെ ആയിരിക്കണം. ഫാത്തിഹ എന്നു പറഞ്ഞാൽ ഞാൻ പറഞ്ഞതുപോലെ കൈ ഉയർത്തുക എന്നല്ല അർത്ഥം .എന്നിരുന്നാലും ദുആയ്ക്ക് വേണ്ടി അല്ലാഹുവിന്റെ മുമ്പിൽ കൈ ഉയർത്തുന്നത് അനുവദനീയമാണ്. എന്നിട്ട് സൂറ:അൽ ഫാത്തിഹ ഓതുക.

സൂറ:അൽഫാതിഹായ്ക്ക് മറ്റു പലപേരുകളുമുണ്ട് ഖുർആന്റെ മാതാവ്. ഒരു മാതാവ് എന്നാൽ ആരാണ് എന്നറിയാമോ? മാതാവിലൂടെയാണ് ഒരുതലമുറ, ഒരു കുടുംബം ജനിക്കുന്നത്. അവൾക്ക് അനേകം കുട്ടികളുണ്ടാകാം. മൂത്തകുട്ടിയിൽ നിന്നുമാണ് ആരംഭം. മൂത്തകുട്ടിക്കുശേഷം, രണ്ടാമത്തെ കുട്ടി, അങ്ങനെ എണ്ണം കൂടിക്കൂടിവരാം. അങ്ങനെ അവർക്ക് ധാരാളം കുട്ടികളുണ്ടാകാം. കുട്ടികളുടെ ജനനത്തോടെ, അവരുടെ സംരക്ഷണത്തിന് ആവശ്യമായ നടപടികളും സ്വീകരിച്ചു തുടങ്ങുന്നു. ഒരു കോഴിയമ്മയുടെ ഉദാഹരണത്തിലൂടെ അല്ലാഹു (ത) ഉപമാ രൂപത്തിൽ കാര്യങ്ങൾ വ്യക്തമാക്കിതരുന്നു. കുഴിയിൽ അകപ്പെട്ടു പോവുകയോ, അഥവാ ഏതെങ്കിലും കാലാവസ്ഥാ വ്യതിയാനത്തിലൂടെ അപകടത്തിൽപെടുകയോ, (മഴമൂലമോ, സൂര്യാഘാതം മൂലമോ, രാത്രിയുടെ ഭീകരതമൂലമോ) മറ്റോ ചെയ്താൽ കോഴിയമ്മയുടെ ചിറകിന്റെ കീഴിൽ അവളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു. ഒരമ്മ തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു. അത് അനുകൂലപരിതസ്ഥിതി ആയാലും ശരി. പ്രതികൂല പരിതസ്ഥിതി ആയാലും ശരി. തന്റെ കുഞ്ഞുങ്ങളെ ഏതുനിലയിലായാലും ശരി അവ സംരക്ഷിക്കുന്നു. ഇതു പ്രകാരം, സൂറ അൽഫാത്തിഹ ഖുർ ആന്റെ മാതാവാണ്. അതൊരു വലിയകാര്യം തന്നെയാണ്. സൂറ അൽഫാത്തിഹയ്ക്കു ശേഷം സൂറ അൽബക്കറ : (പശു) ഒരു പശു എന്താണ് നൽകുന്നത് ? പാൽ! ഒരമ്മ ഒരു കുട്ടിക്ക് ജന്മം നൽകിയാൽ ആ അമ്മ കുട്ടിക്ക് നൽകുന്നതെന്താണ് ? അവൾ ആ കുട്ടിക്ക് പാൽ നൽകുന്നു. അതായത് മുലയൂട്ടൽ. നവജാതശിശുവിന് അമ്മയുടെ പാൽ വളരെ പ്രാധാന്യമുള്ളതാണ്. അവന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. കാർട്ടൂണുകളിൽ പാൽ എല്ലായിടത്തും വിൽക്കപ്പെടുന്നു. ആ പാൽ അമ്മയുടെ പാലുമായി ഗുണനിലവാരത്തിൽ തുലനം ചെയ്യുവാൻ സാധ്യമല്ല. മാത്രമല്ല അമ്മയുടെ പാലിന് പണം ചിലവിടേണ്ടി വരുന്നില്ല. ഇതു പ്രകാരം സുറ അൽ ഫാത്തിഹ ഖുർ ആന്റെ മാതാവാണ്. അതിനുശേഷം അടുത്ത അദ്ധ്യായം അവിടെയും പാൽ കാണാം. സൂറ അൽഫാത്തിഹയ്ക്ക് ശേഷം വരുന്നത് പശു എന്ന അദ്ധ്യായം ആണ്. അതും നമുക്ക് പാൽ തരുന്നു. അനേകം രോഗങ്ങളിൽ നിന്ന് രോഗശമനം നൽകുന്ന ഔഷധമാണ് പാൽ. സൂറ അൽ ഫാത്തിഹ മറ്റു ചില പേരുകളിലും അറിയപ്പെടുന്നു. രോഗശമനം നൽകുന്നത്, പുകഴ്ത്തൽ, തൃപ്തി വരുത്തുന്നത്, ഖുർ ആന്റെ അസ്ഥിവാരം അങ്ങനെ പലപേരുകളിലും അറിയപ്പെടുന്നു.

ഈ അദ്ധ്യായത്തിൽ രോഗശമനമുണ്ട്. ഒരിക്കൽ മുഹമ്മദ്(സ) യുടെ കുറേ അനുചരന്മാർ യാത്രയിലായിരുന്നു. അങ്ങനെ അവർ ഒരു സ്ഥലത്തെത്തി. അവിടുള്ളവരോട്, അതിഥി സൽക്കാരത്തിനായി ആവശ്യപ്പെട്ടു. എന്നാൽ ആ സ്ഥലത്തുള്ളവർ അവരെ അതിഥികളായി സ്വീകരിക്കുവാൻ തയ്യാറായില്ല. അങ്ങനെ അവർ അവിടം വിട്ടു പോയി. എന്നാൽ അവിടുത്തെ ആളുകളുടെ നേതാവ് രോഗബാധിതനായി. അവർക്ക്

അറിയാവുന്ന എല്ലാ ചികിത്സകളും ചെയ്തു. എന്നാൽ രോഗശമനം ഉണ്ടായില്ല. ഒടുവിൽ അവർ അവരുടെ നേതാവിനെ ചികിത്സിക്കുവാൻ മുസ്ലീകളുടെ സഹായം തേടി.

അവരെല്ലാം വന്നു. അതിൽ ഒരാൾ രോഗിയുടെ മേൽ സൂറ അൽഫാത്തിഹ ഓതി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, രോഗി രോഗ വിമുക്തനായി. അവിടുത്തെ ആളുകൾ മുസ്ലീകൾക്ക് സമ്മാനമായി ഒരാടിനെ അല്ലെങ്കിൽ അതിൽ കൂടുതൽ നൽകി, ആ സമ്മാനം അവർ സ്വീകരിച്ചു. എന്നാൽ അവർ അത് ഭക്ഷിക്കുന്നതിനുമുമ്പ്, അവർ വിചാരിച്ചു. പ്രവാചകർ (സ) യോട്, ഇത് കഴിക്കുന്നത് അനുവദനീയമാണോ എന്ന് ചോദിക്കുന്നത് നന്നായിരിക്കുമെന്ന്. പ്രവാചകർ പറഞ്ഞു. അത് കഴിക്കുന്നത് നിങ്ങൾക്ക് അനുവദനീയമാണ്. അതിൽ അല്പം എനിക്കും നിങ്ങൾക്ക് തരാവുന്നതാണ്. പ്രവാചകർ (സ) ന് സാധാരണ ഗതിയിൽ അതിലെ അൽപം ആട്ടിറച്ചി ആവശ്യമില്ലാത്തതാണ്, എന്നാൽ ഇത് അനുവദനീയമാണ് എന്ന് കാണിക്കുവാനും, ഈ മാംസ്യം കഴിക്കൽ നിയമാനുസൃതം അനുവദനീയമാണ് എന്ന് വരുത്തിതീർക്കുവാനുമായിരുന്നു. (ബുഖാരി , മുസ്ലീം, അബൂദാവൂദ്)

മുഹമദ് (സ) ഒരു ഖുദ്സിയായ ഹദീതിൽ പറഞ്ഞിരിക്കുന്നു. സൂറ അൽഫാത്തിഹായുടെ അർത്ഥം ഖുർ ആന്റെ മാതാവാകുന്നു. ഇതിൽ ആവർത്തിച്ചു പാരായണം ചെയ്യുന്ന ഏഴ് വചനങ്ങളാണുള്ളത്. (നമസ്ക്കാരത്തിലെ ഓരോ റക്കഅത്തിലും ഈ വചനങ്ങൾ ആവർത്തിക്കപ്പെടുന്നു.) ഇത് മഹത്വപൂർണ്ണമായ ഖുർ ആന്റെ ഹൃദയമാകുന്നു. (അഹ്മദ്)

സയ്യിദിനാ ഉബാദാ ഇബ്ന് അസ്സാമിത് (റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകർ (സ) പറഞ്ഞു പ്രവേശനാധ്യായമായ സൂറ: അൽഫാത്തിഹ ഓതാത്തവർക്ക് നമസ്ക്കാരമില്ല. (ബുഖാരി / മുസ്ലീം)

വളരെക്കാലമായി ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാര്യമാണിത്. മുമ്പ് ഞാൻ കണ്ടിട്ടുണ്ട്. അഹ്മദിയ്യാ ജമാ അത്തിൽ ഇപ്പോഴും ഇത് തുടർന്നുണ്ടോ എന്നെനിക്കറിയില്ല. ജമാ അത്ത് നമസ്ക്കാരത്തിന് ഒരാൾ താമസിച്ചു വന്നാൽ, റുക്കൂഅ്ന്റെ അവസ്ഥയിൽ എത്തിയാൽ അഥവാ സമിഅല്ലാഹു ലിമൻ ഹമിദഹു എന്ന അവസ്ഥയിൽ എത്തിയാൽ, താമസിച്ചു വന്നയാൾക്ക് സൂറ: അൽഫാത്തിഹ നഷ്ടമായി. താമസിച്ചു വന്നയാൾ കരുതുന്നു റക്ക അത്തു കിട്ടിയെന്ന് എന്നാൽ അവന് റക്ക അത്തു കിട്ടിയിട്ടില്ല. കാരണം അയാൾക്ക് സൂറ അൽ ഫാത്തിഹ കിട്ടിയിട്ടില്ല. ഉദാഹരണത്തിന് ഇമാം 4 റക്ക അത്ത് നമസ്ക്കരിക്കുകയാണെന്ന് കരുതുക. ആ, താമസിച്ചു വന്നയാൾ, ആദ്യത്തെ സൂറ ഫാത്തിഹ കഴിഞ്ഞ ശേഷം, റക്ക അത്തിൽ ചേരുന്നു. ഇമാം റുക്കു അ്ലോ, അതിനുശേഷമുള്ള അവസ്ഥയിലോ എത്തി. അങ്ങനെ ഇമാം തന്റെ പ്രാർത്ഥന അവസാനിപ്പിക്കുന്നു. താമസിച്ചു വന്നയാളും തന്റെ നമസ്ക്കാരം പൂർത്തിയായി എന്ന നിലയിൽ അവസാനിപ്പിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ നമസ്ക്കാരം പൂർത്തിയായിട്ടില്ല. 4 റക്ക അത്ത് നമസ്ക്കാരത്തിൽ 3 റക്ക അത്ത് മാത്രമേ താമസിച്ചു വന്നയാളിന് കിടിയിട്ടുളളൂ. കാരണം അയാൾക്ക് ഒന്നാം റക്ക അത്തിൽ സൂറ: അൽഫാത്തിഹ കിടിയിട്ടില്ല. ഈ ഹദീസ് ആഴത്തിൽ പഠിക്കുമ്പോൾ, വിശദമാക്കേണ്ട ഒരു കാര്യം സൂറ അൽ ഫാത്തിഹ ഇല്ലാതെ ഒരു റക്ക അത്ത് നമസ്ക്കരിച്ചാൽ അക്കാരണത്താൽ അവന് നമസ്ക്കാരം പൂർത്തിയായിട്ടില്ല. ആയതിനാൽ നിങ്ങൾക്ക് സൂറഃ അൽഫാത്തിഹ നഷ്ടമായാൽ ഇമാം റുക്കുഅ്ൽ എത്തിയാൽ നിങ്ങൾ നിങ്ങളുടെ നഷ്ടപ്പെട്ട റക്ക അത്തും പൂർത്തിയാക്കണം. അങ്ങനെ നമസ്ക്കാരം പൂർത്തിയാക്കണം. എന്തുകൊണ്ടെന്നാൽ സൂറ അൽഫാത്തിഹ വളരെ പ്രാധാന്യമുളളതാണ്.

**<u>ഈ വിഷയത്തിൽ ഖലീഫത്തുല്ലാഹ് നൽകിയ മറ്റു വിശദീകരണങ്ങൾ ശ്രദ്ധിക്കുക.</u>**

1. ഇമാം റുക്കുഅ് അവസ്ഥയിൽ എത്തുന്നതിന് മുമ്പ് ഒരു മഅ്മൂം അല്പം താമസിച്ചുവരുകയും, തന്റെ സൂറഃഅൽഫാത്തിഹ പെട്ടെന്ന് ഓതി പൂർത്തിയാക്കുവാൻ കഴിയുകയും, ഇമാം ഫാത്തിഹായ്ക്ക് ശേഷം മറ്റ് വചനങ്ങൾ ഓതികൊണ്ടിരിക്കുകയും ചെയ്താൽ, താമസിച്ചു വന്നയാൾക്ക് റക്ക അത്ത് പൂർത്തിയാക്കുവാൻ കഴിയുകയും, അങ്ങനെ നമസ്ക്കാരം പൂർണ്ണമാവുകയും ചെയ്യുന്നതാണ്.

**2. ഇമാം സൂറ**: അൽഫാത്തിഹ ഉച്ചത്തിൽ ഓതികൊണ്ടിരിക്കുകയും, പിന്നിലുള്ളവർ സൂറ അൽഫാത്തിഹ ശബ്ദം താഴ്ത്തി ഓതുകയോ, ഹൃദയത്തിൽ ഓതുകയോ ചെയ്യേണ്ടതാണ്. ഇമാം സൂറ അൽഫാത്തിഹ ഓതി കഴിഞ്ഞ ശേഷം മറ്റ് ഖുർ ആനിലെ വചനങ്ങൾ ഉച്ചത്തിൽ ഓതുമ്പോൾ മഅ്മൂമീങ്ങൾ നിശബ്ദരായി നില്ക്കുകയും ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യേണ്ടതാണ്.

**സൂറഃഅൽഫാത്തിഹായുടെ അർത്ഥം.**

**അൽഹംദു** : – സ്തുതി. നന്ദിയേക്കാൾ ശ്രേഷ്ഠമാണ് സ്തുതി. അല്ലാഹുവിന് നന്ദി പറയുന്നത് നല്ലതാണ്.എന്നാൽ അല്ലാഹുവിന് മാത്രമാണ് സ്തുതി എന്നു പറയുന്നത് അതിനേക്കാൾ നല്ലതാണ്.

**ലില്ലാഹി** :– അല്ലാഹുവിന് മാത്രമുള്ളതാണ്. കാരണം അല്ലാഹു എല്ലാത്തിന്റെയും സൃഷ്ടാവാണ്.

**റബ്ബി** :- രക്ഷകൻ, സൃഷ്ടിക്കുന്നു, ജീവിപ്പിക്കുന്നു, ഭക്ഷണം കൊടുക്കുന്നു. മരിപ്പിക്കുന്നു, മരണശേഷം ജീവിപ്പിക്കുന്നു, വിധി കൽപ്പിക്കുന്നു, പ്രതിഫലം നൽകുന്നു, ശിക്ഷ നൽകുന്നു.

**അൽ ആലമീൻ** :– ലോകങ്ങൾ ; അൽ ആലം എന്ന വാക്കിന്റെ ബഹുവചനരൂപമാണ്.

**റബ്ബിൽ ആലമീൻ** :– ലോകങ്ങളുടെ നാഥൻ, അതായത് മാനവലോകം, മാലാഖലോകം, ജിന്ന് ലോകം, മൃഗലോകം, സസ്യലോകം, ധാതുലോകം അല്ലാഹു എല്ലാ സൃഷ്ടികളുടെയും നാഥനാണ്. ഏതു സ്ഥലത്തും, ഏതു സമയത്തും. സൃഷ്ടിജാലങ്ങൾക്ക് അല്ലാഹുവല്ലാതെ മറ്റൊരു നാഥനില്ല. ജീവിച്ചിരിക്കുന്നതും മരണപ്പെട്ടതുമായ എല്ലാത്തിന്റെയും നാഥനാണവൻ. എല്ലാ കാര്യങ്ങളുടെ മേലും അധികാരമുള്ളവനാണവൻ.

**അർറഹ്മാനിർറഹീം** : പരമകാരുണികൻ, കരുണാനിധി. പരമോന്നതനായ അല്ലാഹു പൊറുത്തു കൊടുക്കുന്നവനാണ്, അനുകമ്പയുള്ളവനാണ്. എന്നാൽ നാം ഒരു കാര്യം കൂടി ഓർത്തിരിക്കണം, അല്ലാഹു കണക്കെടുക്കുന്നതിൽ സൂക്ഷമതയുള്ളവനാണ്, കഠിനമായ ശിക്ഷ നല്കുന്നവനുമാണ്.

പ്രവാചക പ്രഭു മുഹമ്മദ് (സ) ഒരു ഖുദ്സിയായ ഹദീസിൽ പറഞ്ഞു. അല്ലാഹു നടപ്പിലാക്കുന്ന ശിക്ഷകളുടെ രീതിയെ കുറിച്ച് ഒരു വിശ്വാസി അറിഞ്ഞിരുന്നുവെങ്കിൽ, അവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്നു ഒരു പ്രതീക്ഷയും വെച്ചു പുലർത്തുകയില്ല. വിപരീതമായി, ഒരു വിശ്വാസി അല്ലാഹുവിന്റെ കരുണയുടെ വലിപ്പം മനസ്സിലാക്കിയാൽ, അല്ലാഹുവിൽ നിന്നുള്ള മാപ്പ് ലഭിക്കുമെന്നുള്ള പ്രതീക്ഷ കൈവിടുകയുമില്ല. (മുസ്ലിം)

**മാലിക്ക്** : **ഉടമസ്ഥൻ**

**യൗമിദ്ദീൻ** : വിധിദിനം. വിധിദിനത്തിന്റെ ഉടമസ്ഥനാണവൻ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പ്രതിഫലം നല്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. ഒരു വിധികർത്താവിനേക്കാൾ ഉയർന്ന പദവിയിലാണവൻ. ഒരുപാപിക്ക് പൊറുത്തു കൊടുക്കുവാൻ അവനു കഴിയുന്നതാണ്. എന്നാൽ ഒരു വ്യവസ്ഥ ആ പാപി **ഷിർക്ക്** വെയ്ക്കുവാൻ പാടില്ല. (അതായത് ആരാധനയിൽ അല്ലാഹുവിനോടൊപ്പം പൊയ് ദൈവങ്ങളെ പങ്കുചേർക്കാതിരിക്കുക. അല്ലാഹുവിനെയല്ലാതെ ഒന്നിനെയും, ഒരാളെയും ആരാധിക്കുവാൻ പാടില്ല).

വിധി ദിനം എന്നു പറയുന്നത് ഒരു ദിനമാണ്. അന്ന് ദൈവത്തിന്റെ മുമ്പിൽ നാം ഹാജരാകേണ്ടിവരും. അന്ന്, നാം ഭൂമിയിൽ വെച്ച് ചെയ്ത എല്ലാ കാര്യങ്ങൾക്കും മറുപടി പറയേണ്ടിവരും.

**ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ** : നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോടു മാത്രം ഞങ്ങൾ സഹായം അർത്ഥിക്കുന്നു. അല്ലാഹു അവന്റെ അഗാധമായ ജ്ഞാന വൈഭവത്താൽ കാലങ്ങൾ തോറും ധാരാളം പ്രവാചകന്മാരെ നിയോഗിച്ചു കൊണ്ടിരുന്നു. ചിലർക്ക് വേദഗ്രന്ഥങ്ങൾ നല്കി അയച്ചു.അവരിൽപ്പെട്ടതാണ് ഹസ്രത് ഇബ്റാഹീം (അ) അദ്ദേഹം ഒരു ഏടുമായിട്ടാണ് വന്നത്. ഹസ്രത് ദാവൂദ് (അ) സങ്കീർത്തനവുമായി വന്നു. ഹസ്രത് മൂസ (അ) തൗറാത്തുമായി വന്നു. കൂറെ കഴിഞ്ഞ് ഹസ്രത് ഈസ (അ) ഇഞ്ചീലുമായി വന്നു. ഒടുവിൽ ഹസ്രത് മുഹമ്മദ് (സ) ഖുർആനുമായി വന്നു.

ഈസ (അ) യുടെ വിഷയത്തിലേക്ക് ഖലീഫത്തുല്ലാഹ് പ്രവേശിച്ചപ്പോൾ, മുസ്ലിംകളും ക്രിസ്ത്യാനികളും ഇപ്പോഴും കാത്തിരിക്കുന്ന, യഥാർത്ഥ യേശുവിന്റെ ശാരീരികമായി ഇറങ്ങിവരവിനെതിരിൽ, ഒരു വാദമുഖം കൂടി ഉന്നയിക്കുകയുണ്ടായി. ഈസ (അ) ഇഞ്ചീലുമായാണ് വന്നത്. അദ്ദേഹം ഒരിക്കൽ കുടി വരുമെന്ന് സങ്കല്പിക്കുക. അങ്ങനെ വന്നാൽ അദ്ദേഹം ഏതു ഗ്രന്ഥമായിരിക്കും പിന്തുടരുന്നത് ? പ്രബോധിക്കുന്നത് ? ഇഞ്ചീലാണോ ? ഖുർ ആനാണോ ? തനിക്ക് കിട്ടാത്ത ഒരു ഗ്രന്ഥം പ്രബോധിക്കുമോ ? അതോ സർവ്വ ശക്തനായ ദൈവത്തിൽ നിന്നും തനിക്ക് ലഭിച്ച ഗ്രന്ഥം പ്രബോധിക്കുമോ ? **ശ്രദ്ധിക്കുക** : കഴിഞ്ഞ കാലത്ത് ,ഖലീഫത്തുല്ലായുടെ മറ്റു ക്ലാസ്സുകളിൽ ഈ വസ്തുത ചൂണ്ടികാണിച്ചതാണ്. അതായത് മറ്റു മുസ്ലിംകൾ പറയുന്നതിൽ ശാഠ്യം പിടിക്കുകയാണെങ്കിൽ, അതായത് ഖുർആനിൽ ഈസ (അ) ശാരീരികമായി ആകാശത്തേക്ക് കയറി പോയി എന്ന് പറയുന്നുണ്ട്, സമ്മതിക്കുന്നു എന്നു കരുതുക എങ്കിൽ വീണ്ടും അദ്ദേഹം തന്നെ ശാരീരികമായി ഇറങ്ങിവന്നാൽ അദ്ദേഹം എന്തു ചെയ്യും ? **കയറിപോയി / ഉയർത്തപ്പെട്ടു** എന്നവാക്ക് മായ്ച്ചിട്ട് ഇറങ്ങി വന്നിരിക്കുന്നു എന്ന് മാറ്റുമോ ?

എല്ലാ പ്രവാചകന്മാരുടെയും പൊതു സന്ദേശം ദൈവീക ഗ്രന്ഥങ്ങളിലുണ്ട്. എല്ലാ ദൈവീക ഗ്രന്ഥങ്ങളിലെയും സന്ദേശങ്ങൾ ഖുർആനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഖുർആനിൽ നിന്നുള്ള സന്ദേശം സൂറ അൽബഖറയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂറ അൽബഖറയിലെ സന്ദേശം , സൂറ അൽഫാത്തിഹായിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൂറ അൽഫാത്തിഹായിലെ സന്ദേശം **ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ**ൽ ഉൾപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ ഏകത്വത്തിന്റെ സത്തയാണ് ഈ വചനം. അവന്റെ പേരുകളിലും, അവന്റെ ഗുണങ്ങളിലും, അവൻ അദ്വിതീയനാണ്. രക്ഷിതാവ് എന്ന നിലയിൽ അവൻ അദ്വിതീയനാണ്. അവന്റെ ദൈവീകതയും അദ്വിതീയമാണ്. അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല.

അല്ലാഹുവിന്റെ ഏകത്വത്തിൽ ഒരാൾക്ക് വിശ്വാസമുണ്ട്. എന്നിരിക്കട്ടെ! അവന്റെ പേരുകളിലും, ഗുണങ്ങളിലും വിശ്വാസമുണ്ട് എന്നത് മാത്രം അവനെ ഒരു മുസ്ലിംമാക്കുന്നില്ല എന്നതാണ് വസ്തുത. അല്ലാഹു ഏകനാണ് എന്ന് വിശ്വസിക്കുന്നു അവൻ രക്ഷകനാണ് എന്നതു കൊണ്ടും അവൻ ഒരു മുസ്ലിമായിതീരുന്നില്ല. ദൈവം എന്ന നിലയിൽ അല്ലാഹു ഏകനാണ് എന്ന വിശ്വാസം നിരുപാധികം ഉണ്ടായിരിക്കണം. (നമ്മുടെ ആരാധന അർഹിക്കുന്ന ഒരുവൻ അല്ലാഹു മാത്രമാണ്.)

നാം അല്ലാഹുവിനെ മാത്രമെ ആശ്രയിക്കയുള്ളൂ എന്നത് ഒഴിച്ചു കൂടാൻ പാടില്ലാത്ത കാര്യമാണ്. അതുകൊണ്ട് നമ്മുടെ അർത്ഥന മുഴുവൻ, പ്രാർത്ഥന മുഴുവൻ അല്ലാഹുവിനോട് നേരിട്ട് തന്നെ ആയിരിക്കണം. ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് (സ) എല്ലായ്പ്പോഴും കാണിച്ചു തന്നതും അതുതന്നെ.അങ്ങനെ തന്നെ.

ധാരാളം ആളുകളുണ്ട്, അല്ലാഹു ഒരു രക്ഷകനാണ് എന്ന് വിശ്വാസിക്കുന്നവർ. എന്നാൽ അവർ അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കുന്നു. അതുകൊണ്ട് അവർ അല്ലാഹു അല്ലാത്തവരേയും വിളിച്ചു പ്രാർത്ഥിക്കുന്നു. ആയതിനാൽ അവർ ശിർക്കിൽ അകപ്പെടുന്നു. മുസ്ലിംകളല്ലാതായി തീരുന്നു. കാരണം അവർ അല്ലാഹു അല്ലാത്തവരേയും ആരാധിക്കുന്നു. ശിർക്ക് അവനെ നരകത്തിലേക്ക് നയിക്കുന്നു. അവൻ പശ്ചാത്തപിക്കുന്നില്ലെങ്കിൽ, അവൻ യാചിക്കുന്നില്ലെങ്കിൽ , അല്ലാഹുവിൽ നിന്ന് മാപ്പ് ലഭിക്കുന്നില്ലെങ്കിൽ!

ഇൻശാ അല്ലാഹ് ! സമയപരിമിതിമൂലം ഞാൻ നിർത്തുന്നു. അടുത്തവെള്ളിയാഴ്ച്ച ഈ വിഷയം തുടരുന്നതാണ്. ശിർക്കിൽ നിന്നും അല്ലാഹു നമ്മെ സംരക്ഷിച്ചു നിർത്തട്ടെ. നമ്മുടെ ജീവിതത്തിലുടനീളം നിഷ്ക്കളങ്ക മുസ്ലീംകളായിരിക്കുവാൻ അല്ലാഹു സഹായിക്കട്ടെ. അവനെ മാത്രം ആരാധിക്കുന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം. ലോകത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കുക എന്ന നമ്മുടെ ഉത്തരവാദിത്വം നമുക്ക് നിറവേറ്റാം. ഖുർആന്റെ ഉദാത്തമായ പ്രയോജനങ്ങൾ ലോകത്തിന് ലഭിക്കട്ടെ! സൂറ അൽഫാത്തിഹായുടേയും ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************